"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി നൽകുന്നത് സംബന്ധിച്ച സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2684/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 25.08.2025ലെ DDDKER/3084/2025-D1 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി-ധനസഹായം സംബന്ധിച്ച പരാമർശം 1 മാർഗരേഖയിലെ ഖണ്ഡിക 6.1.7, 6.3.11 എന്നിവ പ്രകാരം തീറ്റപ്പുൽ കൃഷിക്ക് സബ്സിഡി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത് / നടീൽ വസ്തു എന്ന ഇനത്തിനു മാത്രമാണ് നിലവിലെ മാനദണ്ഡ പ്രകാരം സബ്സിഡി നൽകാവുന്നത്. എന്നാൽ ക്ഷീരവികസന വകുപ്പ് ഡി.പി.ആർ പ്രകാരം നടീൽ വസ്തുവിന്റെ വിലയും കൾട്ടിവേഷൻ ചാർജ്ജും ഉൾപ്പെടെയാണ് ധനസഹായം അനുവദിക്കുന്നത് എന്നും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണത്തിൽ തീറ്റപ്പുൽകൃഷിയ്ക്കുള്ള സബ്സിഡി മാനദണ്ഡങ്ങൾ ഏകീകരിക്കേണ്ടത് അനിവാര്യമാണെന്നും ക്ഷീര വികസന വകുപ്പ് ഡയറക്ടർ പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളും, അതിന്മേൽ വകുപ്പ് ശിപാർശ ചെയ്യുന്ന ഭേദഗതിയും ഉൾപ്പെടുത്തി, ഭേദഗതിക്കുള്ള വിശദമായ പ്രൊപ്പോസലും ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ഷീരവികസന വകുപ്പിന്റെ ആവശ്യം പരിഗണിച്ച് താഴെ പറയുന്ന തരത്തിൽ സബ്സിഡിയും അതിനായുള്ള മാനദണ്ഡങ്ങളും ഭേദഗതി ചെയ്ത്, പരാമർശം 1 മാർഗ്ഗരേഖയുടെ ഖണ്ഡിക 6.3.11, 6.1.7 എന്നിവ ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| **ക്രമ നം.** | **ഇനം** | **കാറ്റഗറി** | **സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി** | **മാനദണ്ഡങ്ങൾ /പ്രവർത്തനങ്ങൾ** |
|---|---|---|---|---|
| | | | | 1. സ്വന്തം / പാട്ട ഭൂമിയിൽ കൃഷി |

| | | | | |
|---|---|---|---|---|
| | തീറ്റപ്പുൽ കൃഷിക്കുള്ള വിത്ത് / നടീൽ വസ്തു | എല്ലാ വിഭാഗങ്ങൾക്കും | 100%<br><br>(9250 രൂപ / ഹെക്ടർ, പരമാവധി 38500 രൂപ) | ചെയ്യാം<br>2. ചെറുകിട / നാമമാത്ര കർഷകർക്ക് സബ്സിഡി നൽകാം.<br>3. നടീൽ വസ്തുവിന്റെ വില ജില്ലാതലത്തിൽ നിശ്ചയിക്കണം<br>4. സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന വ്യക്തികളെയും കുടുംബശ്രീയിലെ സംഘകൃഷി ഗ്രൂപ്പുകളെയും പ്രവാസി ഗ്രൂപ്പുകളെയും ഈ വിഭാഗത്തിൽ പരിഗണിക്കാവുന്നതാണ്.<br>5. എല്ലാ തലങ്ങളിലുമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.<br>6. കൃഷി വികസന - കർഷക ക്ഷേമ വകുപ്പിലെയോ ക്ഷീര വികസന വകുപ്പിലെയോ ഉദ്യോഗസ്ഥരെ നിർവഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്. |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മധുസൂദനൻ വി
അണ്ടർ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
11. ഡയറക്ടർ, കൃഷി വികസന - കർഷക ക്ഷേമ വകുപ്പ്
12. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
22. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
23. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
24. ക്ഷീര വികസന വകുപ്പ് (D3/234/2025-DD)
25. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 06-11-2025 10:38:55

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്